പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംമ്പർ. 6295 31/10/2011 ൽ മറുപടിയ്ക്ക്

## വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ : | ഡോ. എം.കെ. മുനീർ : (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ വികലാംഗർക്കും സാമൂഹ്യക്ഷേമ വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2009 ഡിസംബർ മുതൽ 2010 നവംബർ വരെയുള്ള കാലയളവിൽ 14 ജില്ലകളിലും പഞ്ചായത്തടിസ്ഥാനത്തിൽ 1040 ക്യാമ്പുകൾ സംഘടിപ്പിച്ച് 200774 പേർക്ക് തിരിച്ചറിയൽ കാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യുകയുണ്ടായി. ഇതിന്റെ രണ്ടാം ഘട്ടമായി 2011 ഓഗസ്റ്റ് മാസം മുതൽ ബ്ലോക്ക് തല ക്യാമ്പ് സംഘടിപ്പിച്ച് ID Card വിതരണം നടത്തിവരുന്നു |
| (ബി) ഏതെങ്കിലും ജില്ലകളിൽ എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകി സമ്പൂർണ്ണമായും തിരിച്ചറിയൽ കാർഡ് നൽകിയ ജില്ല എന്ന ഖ്യാതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) ഇല്ല. എന്നാൽ ഇപ്പോൾ സംഘടിപ്പിച്ച് വരുന്ന ബ്ലോക്ക് തല ക്യാമ്പുകൾ വഴി കാർഡ് വിതരണം കഴിയുന്നതോട് കൂടി സംസ്ഥാനത്തെ മിക്കവാറും എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് വിതരണം നടത്തിയ സംസ്ഥാനമായി കേരളം മാറും. |
| (സി) വികലാംഗരുടെ തിരിച്ചറിയൽ കാർഡ് ഏതെല്ലാം ആവശ്യങ്ങൾക്കും ആനുകൂല്യ ങ്ങൾക്കും പ്രയോജനപ്പെടുത്തുവാൻ കഴിയും എന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (സി) ഉണ്ട് . പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട് . |

R.Vijayakumar

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.